കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

# ബ്ലോക്ക് പഞ്ചായത്ത് റോൾമാപ്പിങ്

ചർച്ചയ്ക്കുള്ള കുറിപ്പ് (കരട്)

## ദ്വിദിന ശിൽപ്പശാല

2014 മേയ് 10,11

വയനാട് ഗേറ്റ് ഹോട്ടൽ
വയനാട്

**കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ**

# ബ്ലോക്ക് പഞ്ചായത്ത് റോൾമാപ്പിങ്

**ചർച്ചയ്ക്കുള്ള കുറിപ്പ് (കരട്)**

## ദ്വിദിന ശിൽപ്പശാല

**2014 മേയ് 10,11**

**വയനാട് ഗേറ്റ് ഹോട്ടൽ**
**വയനാട്**

**Block Panchayat Role Mapping**
(Malayalam)

May 2014

*Published by*
**Kerala Block Panchayat Association**
State Committee, Thiruvananthapuram
Email: keralablockpa@gmail.com

*Book Design and Production*:
wordpeckerkerala@gmail.com

# ആമുഖം

പ്രിയ സുഹൃത്തുക്കളെ,

കേരളത്തിലെ അധികാരവികേന്ദ്രീകരണം ഇത്രയേറെ നേട്ടം കൈവരിക്കാനും, ദേശീയ അന്തർദേശീയ ശ്രദ്ധ പിടിച്ചുപറ്റാനും കാരണമായത് - സുതാര്യത, ആസൂത്രണം, നിർവഹണം, ഭരണം എന്നിവയിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം, വനിതകളുടെ ഭരണത്തിലെയും വികസനപ്രവർത്തനങ്ങളിലെയും പങ്കാളിത്തം, എല്ലാ പഞ്ചായത്തിലും കൃത്യമായ നോംസ് അനുസരിച്ചുള്ള ധനസഹായം, അധികാരം, പണം, സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവയുടെ വികേന്ദ്രീകരണം തുടങ്ങിയവയാണ്. കീഴ്ത്തല മുൻഗണനയുടെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്തുകളിൽ ഉത്തരവാദിത്വങ്ങൾ വിഭജിച്ചെങ്കിലും ബ്ലോക്ക് തലത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗിക്കാൻ ഇതുവരെയും കഴിഞ്ഞില്ല എന്നത് ഏറ്റവും വലിയ ഒരു പോരായ്മയായി നിലനിൽക്കുന്നു. ഇത് പരിഹരിക്കാൻ കഴിയണം. അതിന് തുടക്കം കുറിക്കാനാണ് ഈ ശിൽപശാല സംഘടിപ്പിക്കുന്നത്. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളും ചർച്ചകളും ഉണ്ടാവണം. ഇവിടെ ഉരുത്തിരിഞ്ഞുവരുന്ന കാര്യങ്ങൾ നമുക്ക് സർക്കാരിനു സമർപ്പിക്കാനും തുടർപ്രവർത്തനങ്ങൾ നടത്താനും കഴിയണം.

**എം.സി. മുഹമ്മദ് ഹാജി**
ജനറൽ സെക്രട്ടറി
കേരള ബ്ലോക്ക് പഞ്ചായത്ത്
അസോസിയേഷൻ

**അഡ്വ. എം. മണികണ്ഠൻ**
പ്രസിഡന്റ്
കേരള ബ്ലോക്ക് പഞ്ചായത്ത്
അസോസിയേഷൻ

**കേ**രളത്തിൽ അധികാരവികേന്ദ്രീകരണം ഏകദേശം 18 വർഷം പിന്നിട്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി വികേന്ദ്രീകൃത ആസൂത്രണം അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിൽ, പ്രാദേശികവികസനത്തിൽ തിളക്കമാർന്ന, ദേശീയവും അന്തർദേശീയവുമായി ശ്രദ്ധപിടിച്ചുപറ്റിയ തരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ, മാതൃകകൾ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനിയും വളരെ ദൂരം കരുതലോടെ, ശാസ്ത്രീയ സമീപനത്തോടെ ദീർഘവീക്ഷണത്തോടെ, യാത്രചെയ്താലേ, കൂട്ടായി ശ്രമിച്ചാലേ, നാം വിഭാവനം ചെയ്ത തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറുകയുള്ളൂ. ഇത്തരത്തിൽ ഒരു നേട്ടം കൈവരിക്കാൻ നമുക്ക് കഴിയണമെങ്കിൽ കഴിഞ്ഞ 18 വർഷത്തെ നേട്ടത്തിൽ നാം അഭിമാനം കൊള്ളുന്നതോടൊപ്പം നിലവിലെ പ്രശ്നങ്ങളും നാം വിശകലനം ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ വേണം നാം ഈ രേഖയുടെ ചർച്ചയിൽക്കൂടി പുത്തൻ കാര്യങ്ങൾ ആലോചിക്കാൻ.

- ജനകീയ പങ്കാളിത്തം കുറഞ്ഞുവരുന്നു.
- പങ്കാളിത്ത ആസൂത്രണം എന്നത് കേവലം ചടങ്ങായി മാറുന്നു.
- ലഭ്യമായ അധികാരവും ഉത്തരവാദിത്വവും ഫലപ്രദമായി വിനിയോഗിക്കുന്നില്ല. അതിന് അനുയോജ്യമായ രീതിയിൽ സംവിധാനത്തിൽ മാറ്റം വരുന്നില്ല.
- അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ ഒരറ്റത്ത് ശ്രമം നടക്കുമ്പോൾത്തന്നെ അധികാര കേന്ദ്രീകരണത്തിന്റെ ശ്രമങ്ങളും നടക്കുന്നു.
- ഫണ്ട് എത്രയും പെട്ടെന്ന് വിനിയോഗിക്കുന്നതിനാണ് പ്രോത്സാഹനം, വിലയിരുത്തലും അതിന്റെ അടിസ്ഥാനത്തിലാണ്. പകരം പെർഫോമൻസ് അടിസ്ഥാനത്തിൽ വിലയിരുത്തൽ നടക്കുന്നില്ല, അത് ഗുണനിലവാരത്തെ ബോധിക്കുന്നു.
- ത്രിതല പഞ്ചായത്തുകളുടെ ഉത്തരവാദിത്വങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിലും റോളോഫ് സബ്സിഡി പാരിറ്റി എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഓരോ തലത്തിലും ചെയ്യാൻ കഴിയുന്ന ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ റോൾ മാപ്പിങ് നടത്തിയിട്ടില്ല. ഇതിന്റെ പരിണത ഫലം:-
  - ത്രിതലപഞ്ചായത്തുകൾ തമ്മിൽ അനാരോഗ്യകരമായ മത്സരം
  - സമഗ്രതയും ഉത്ഗ്രഥനവും സാധ്യമാകുന്നില്ല.
  - പരസ്പരസഹായവും വിശ്വാസവും ഇല്ലാത്ത പ്രവർത്തനങ്ങൾ
- ഉദ്യോഗസ്ഥരുടെ ദ്വിമുഖനിയന്ത്രണം- അത് ജീവനക്കാരുടെ നിയന്ത്രണവും വിനിയോഗവും ഫലപ്രദമാക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു.

- പ്രാദേശിക സർക്കാരുകളുടെ പ്രവൃത്തികൾക്ക് ആവശ്യമായ അക്കാദമിക് സാങ്കേതികവിദ്യ ആവശ്യത്തിന് ലഭ്യമാക്കാൻ സംവിധാനങ്ങൾ ഇല്ലാത്ത അവസ്ഥ.
- ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമൂഹ്യ-സന്നദ്ധസംഘടനകൾ, ജീവനക്കാർ, പൗരസമൂഹങ്ങൾ എന്നിവരുടെ വീക്ഷണത്തിലേയും പെരുമാറ്റത്തിലേയും പ്രതികൂലഘടകങ്ങൾ.
- കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം.
- ആവശ്യാധിഷ്ഠിതവും സമയബന്ധിതവുമായ പരിശീലന-പിന്തുണാസംവിധാനങ്ങൾ സാധിതമാക്കാനും വ്യവസ്ഥാപിതമാക്കാനും തദ്ദേശീയമായി ലഭ്യമായ സാങ്കേതിക സഹായം പ്രയോജനപ്പെടുത്താനുമുള്ള പരിമിതിയും വിമുഖതയും.
- ഗവേഷണ, സാങ്കേതിക, വൈജ്ഞാനിക, സാമ്പത്തിക സ്ഥാപനങ്ങൾക്ക് പ്രാദേശിക സർക്കാരുകളെ സഹായിക്കാൻ ഉതകുന്ന തരത്തിൽ മറ്റുള്ളവരുടെ പ്രവർത്തനങ്ങളിൽ ഉത്തരവാദിത്വങ്ങളിൽ യാതൊരു മാറ്റവും വരുത്തിയില്ല.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഘടകസ്ഥാപനങ്ങൾ വികേന്ദ്രീകൃത ഭരണസംവിധാനത്തിന് അനുസരിച്ച് മാറ്റം വരുത്തിയില്ല, പകരം ഇപ്പോഴും അത് വകുപ്പിന്റെ ഭാഗമായി തന്നെ നിലനിൽക്കുന്നു.

## പരിഹാരനിർദ്ദേശങ്ങൾ

പരിഹാരനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുമ്പോൾ നാം കാര്യമായി പരിഗണിക്കേണ്ടത് ഈ പരിഹാരനിർദ്ദേശങ്ങൾ ത്രിതല പഞ്ചായത്തുകളെ മുന്നിൽക്കണ്ട് കൊണ്ടാവണം. റോൾ ഓഫ് സബ്സിഡി പാരിറ്റി അഥവാ കീഴ്തല മുൻഗണനയുടെ അടിസ്ഥാനത്തിൽ വേണം ഓരോ തലത്തിന്റെയും ഉത്തരവാദിത്വങ്ങൾ നിശ്ചയിക്കാൻ. ഒന്ന് മറ്റൊന്നിന്റെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ഉപയോഗിക്കുന്ന, കൈകടത്തുന്ന തരത്തിൽ ആകരുത്.

## ബ്ലോക്ക് പഞ്ചായത്ത് എങ്ങനെ ആവണം

കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെ, വികേന്ദ്രീകൃത ആസൂത്രണത്തിന്റെ തുടക്കംമുതൽ തന്നെ ബ്ലോക്ക് പഞ്ചായത്ത് എന്ന ഒരു ഇടത്തട്ട് ആവശ്യമില്ല എന്ന കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. ആയതിനാൽ ആ സമീപനമാണ് തുടർന്ന് നാളിതുവരെയും ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ മാറിമാറിവരുന്ന സർക്കാരുകളുടെ സമീപനമായി കണ്ടുവരുന്നത്. അതുകൊണ്ടു തന്നെ കൃത്യമായി പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനോ, ഫലപ്രദമായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനോ കഴിയാത്ത അവസ്ഥയാണ് ബ്ലോക്ക് പഞ്ചായത്തു

കൾക്കുള്ളത്. പണം ചെലവഴിക്കുന്നതിനുള്ള ഒരു ഇടത്തട്ട് എന്നതിനപ്പുറത്തേക്ക് ഈ തലത്തിന്റെ പ്രവർത്തനം കുറേക്കൂടി കൃത്യമായി വിവക്ഷിക്കാൻ കഴിയണം.

- ആസൂത്രണത്തിന്റെ പ്രധാന യൂണിറ്റായി ബ്ലോക്ക് പഞ്ചായത്തുകൾ മാറണം.
- ഗ്രാമപഞ്ചായത്തുകളേയും ജില്ലാപഞ്ചായത്തുകളേയും വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ ബന്ധിപ്പിക്കുന്ന ഇടമായി മാറണം.
- ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ ഉതകുന്ന തരത്തിൽ ക്വാളിറ്റി മാനേജ്മെന്റ്, പരിശീലനം, സാങ്കേതികസഹായം, പാക്കിംഗ്, വിപണനം, അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കുള്ള ഇടമായായി മാറണം.
- സമഗ്രവികസനത്തിനായി മാസ്റ്റർപ്ലാനുകൾതയ്യാറാക്കുക, സംയോജിത പ്രോജക്ടുകൾ തയ്യാറാക്കുക, നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുക- ഇതിനായി പഞ്ചായത്തുകളുടെ സംയോജിത പ്രവർത്തനങ്ങൾ ഉറപ്പാക്കുക എന്നിവ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തന ഉത്തരവാദിത്വമായി മാറണം.
- ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിന് സഹായകമായ രീതിയിൽ ബ്ലോക്ക് തലത്തിൽ വലിയ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ സംവിധാനം ഉണ്ടാവണം.
- ഗ്രാമപഞ്ചായത്തുകളുടെ ആസൂത്രണ അംഗീകാര വിലയിരത്തലിന്റെ ഇടമായി, ഡി.പി.സി.കളുടെ മോണിറ്ററിങ്ങിനുള്ള സഹായകയൂണിറ്റായി പ്രവർത്തിക്കാൻ ഉതകുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ മാറണം.
- കേന്ദ്ര സംസ്ഥാന സർക്കാരിന്റെയും ജില്ലയുടെയും വികസനപ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്ന ഇടമായി ബ്ലോക്ക് പഞ്ചായത്തുകൾ മാറണം.
- വലിയ തൊഴിൽ സംരംഭങ്ങൾ, ഉത്പാദനകേന്ദ്രങ്ങൾ എന്നിവ സംഘടിപ്പിക്കുക, നടത്തുക.
- തൊഴിൽപരിശീലനത്തിനുള്ള സംവിധാനം ബ്ലോക്ക്തലത്തിൽ നടത്തൽ.

ഈ സമീപനത്തിന്റെ വെളിച്ചത്തിലാണ് ഞങ്ങൾ ഈ സമീപനരേഖയ്ക്ക് രൂപംനൽകിയിട്ടുള്ളത്.

## വികേന്ദ്രീകൃതാസൂത്രണം

- ദുർബലവിഭാഗങ്ങൾ, വനിതകൾ, വെല്ലുവിളി നേരിടുന്ന വിഭാഗങ്ങൾ, കുട്ടികൾ, വ്യതിരിക്തശേഷി വിഭാഗങ്ങൾ തുടങ്ങിയവയുടെ വികസനക്ഷേമ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പ്രാദേശിക സർക്കാരുകൾക്ക് ഇടപെടാനും

പരിഹരിക്കാനും കഴിയുമായിരുന്നു. എന്നാൽ അതിന് ഉതകുന്ന തരത്തിൽ സംവിധാനങ്ങൾ ഉണ്ടാകാത്തതിനാൽ പരിമിതിയിൽ നിന്നുകൊണ്ട് ഏറ്റെടുത്തവ യാന്ത്രികവും നിർജീവവും ആവർത്തനസ്വഭാവമുള്ളതും സ്ഥായിഭാവമില്ലാത്ത തുമായിത്തീരുന്നു. ഇവർക്ക് ആവശ്യമായ കൈത്താങ്ങ് പ്രാദേശികമായി ഉണ്ടാകാൻ വേണ്ട പരിപാടികൾ പൊതുവിൽ വിഭാവനം ചെയ്യപ്പെടുന്നില്ല.

- എല്ലാ ഡിപ്പാർട്ടുമെന്റു പദ്ധതികളെയും കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃ തപദ്ധതികളെയും അതതു തലത്തിലുള്ള പദ്ധതിയുമായി ഏകോപിപ്പിച്ചു മാത്രമേ നടത്താൻ പാടുള്ളൂ എന്നതു കർശനമാക്കേണ്ടതാണ്.
- എല്ലാ വികസനപ്രവർത്തനങ്ങളും നീർത്തടാധിഷ്ഠിതമാക്കണം. അതിനായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നീർത്തടപ്ലാനുകൾ ഉണ്ടാക്കു കയും അവയെ ഏകോപിച്ച് ബ്ലോക്കുതല മാസ്റ്റർ പ്ലാൻ ഉണ്ടാക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക്, ഗ്രാമ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ എന്നിവർ കൂടിയിരുന്ന് ഓരോ തലത്തിലും ഏറ്റെടുത്തു നിർവ്വഹിക്കാവുന്നവ, കൂട്ടായി നിർവഹിക്കാവുന്നവ, സംസ്ഥാന കേന്ദ്രസർക്കാ രുകൾ ചെയ്യേണ്ട പരിപാടികൾ എന്നിവയ്ക്കു വ്യക്തമായ ധാരണ ഉണ്ടാക്ക ണം. ഇത് ആവർത്തനം ഒഴിവാക്കുന്നതിനും സമഗ്രവികസനത്തിനും സഹായ കമാകും.
- ബ്ലോക്കുതലത്തിൽ ഒരു സഹായസമിതി ഉണ്ടാവണം. അതിന് ഒരു പൂർണ്ണസമ യകോഡിനേറ്ററും വേണം. ഈ സമിതിക്കും കോഡിനേറ്റർക്കും ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിരൂപീകരണം, നിർവഹണം തുടങ്ങി പ്രവർത്തനങ്ങളെ സഹായിക്കാനും യഥാസമയം സംശയദുരീകരണത്തിനും ആശയ, വിഷയവ്യ ക്തത വരുത്താനും സഹായിക്കുന്നതരത്തിൽ സജ്ജമാക്കണം.
- ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭ, വർക്കിങ്ങ് ഗ്രൂപ്പ് ജനറൽബോഡി, വികസന സെമിനാർ യോഗം എന്നിവയിൽ ബ്ലോക്ക്, ജില്ലാ ജനപ്രതിനിധികളെ കൂടി ക്ഷണി ക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അവിടെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തു കളുടെ പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ അതരിപ്പിക്കാനുള്ള സംവിധാനം നിർബന്ധമാക്കണം.
- ബ്ലോക്ക് പഞ്ചായത്തുകൾ ഗവൺമെന്റ് അനുവദിക്കുന്ന പദ്ധതിവിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കി അംഗീകാരം വങ്ങി പോവുകയാണ്. അതേസമയം വൻതുകയുടെ പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ചെലവഴിക്കുന്നു. ഇവ കൂടി ചേർത്തുകൊണ്ട് വാർഷികപദ്ധതി തയ്യാറാക്കാൻ സാധിക്കത്തക്കവിധം സംവിധാനം ഉണ്ടാക്കണം.

## ധനവിഭവ സമാഹരണം, വിതരണം, വിനിയോഗം

- എം.പി., എം.എൽ.എ. ഫണ്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിക്കാനുള്ള സംവിധാനം ഉണ്ടാവണം.
- എന്നാൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് ഒഴികെ ബ്ലോക്ക് പഞ്ചായത്തിനു വിട്ടുകിട്ടിയിട്ടുള്ള മറ്റു സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന ഡിപ്പാർട്ടുമെന്റ് ഫണ്ടുകൾ ഇപ്പോഴും ബ്ലോക്ക് പഞ്ചായത്ത് പ്ലാനുമായി സംയോജിപ്പിക്കുന്നില്ല. എന്നുമാത്രമല്ല ടി ഫണ്ടുകൾ വിനിയോഗിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തന്നിഷ്ടം കാണിക്കുകയും ചെയ്തു. ഈ അവസ്ഥ മാറണം. ഈ ഫണ്ടുകൾ ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം ന്ലകുകയും ടി ഫണ്ടിന്റെ ഇംപ്ലിമെന്റിങ് ഓഫീസർ മാത്രമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ മേധാവിയെ നിയമിക്കുകയും ചെയ്യണം.
- PMGSY യുടെ നടത്തിപ്പ് ബ്ലോക്കിന്റെ കീഴിൽ കൊണ്ടുവരണം.
- ബ്ലോക്ക് പഞ്ചായത്തുകൾക്കും ദുരിതാശ്വാസനിധി സ്വരൂപിക്കാനുള്ള അനുമതി നൽകണം.
- ഘടക സ്ഥാപനങ്ങളിൽ വരുന്ന സംസ്ഥാനാവിഷ്കൃത കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ബ്ലോക്ക് പഞ്ചായത്ത് വഴിയായിരിക്കണം.
- സാമ്പത്തികചെലവിന്റെ അടിസ്ഥാനത്തിൽ മാത്രമുള്ള വിലയിരുത്തലിന് മാറ്റം ഉണ്ടാവണം, പകരം പെർഫോമൻസിന്റെ വെളിച്ചത്തിൽ വിലയിരുത്താൻ സംവിധാനമുണ്ടാവണം. അതിന് കൃത്യവും സുതാര്യവുമായ നോംസ് വികസിപ്പിച്ച് പ്രസിദ്ധപ്പെടുത്തണം.
- ജൻഡർ ബജറ്റിങ്ങ് വരുന്ന അഞ്ചുവർഷംകൊണ്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും പ്രാവർത്തികമാക്കാനുള്ള സംവിധാനമുണ്ടാവണം.
- നിലവിലെ പദ്ധതിവിഹിതത്തിന്റെ 20% വരുന്ന തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് അൺടൈഡായി നൽകാൻ കഴിയണം.

## കൃഷിയും അനുബന്ധമേഖലയും

- ഒരു ബ്ലോക്കിനെ 'നീര'യുടെ ഒരു ഉത്പാദനവിപണന കേന്ദ്രമാക്കി മാറ്റണം.
- നദീതീരങ്ങളുടെ സംരക്ഷണച്ചുമതല ബ്ലോക്ക് പഞ്ചായത്തിനു നല്കണം. നദീതീരങ്ങൾ കരിങ്കൽഭിത്തി കെട്ടുക തുടങ്ങിയ ചെലവേറിയ പരിപാടികൾക്കുപകരം മുള, കണ്ടൽ, ആറ്റുവഞ്ചി, കൈത തുടങ്ങിയവ വച്ചുപിടിപ്പിക്കുന്നതിനു പ്രോത്സാഹിപ്പിക്കണം.

- ക്ഷീരസംഘങ്ങൾക്ക് കെട്ടിടം പണിതുകൊടുക്കാനും, ക്ഷീരോത്പാദനം വർദ്ധിപ്പിക്കാനും, പാൽ സംസ്കരണത്തിനും, വിതരണത്തിനും ഉതകുന്ന സംവിധാനങ്ങൾ ബ്ലോക്ക് തലത്തിൽ ഉണ്ടാവണം.
- കാർഷിക/മൃഗസംരക്ഷണ/മത്സ്യ ഉത്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കാൻ ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും സർക്കാരുമായി ചേർന്ന് സംരംഭങ്ങൾ ആരംഭിക്കണം. അവിടെ പ്രാദേശിക ഉത്പന്നങ്ങളുടെ സംഭരണ വിതരണ വിപണന സംവിധാനമുണ്ടാക്കണം. പങ്കാളിത്ത-സംയുക്ത സംരംഭകത്വ പദ്ധതിയായി ഇവയ്ക്ക് രൂപംനൽകാവു ന്നതാണ്.

## പൊതുമരാമത്ത്

ബ്ലോക്കിന്റെ നേതൃത്വത്തിൽ ബ്ലോക്ക്തല കണക്ടിവിറ്റി റോഡ് മാപ്പും അഞ്ചുവർഷത്തേക്കുള്ള പ്ലാനും തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ, ബ്ലോക്ക്, പഞ്ചായത്തുകൾ ഒറ്റയ്ക്കും കൂട്ടായും ചെയ്യുന്ന റോഡുകൾ ഏതൊക്കെ എന്ന് കൃത്യമായി നിശ്ചയിക്കുകയും വേണം. എം.എൽ.എ., എം.പി. ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പരിപാടികൾ എന്നിവയുടെ ഭാഗമായി റോഡ് വികസനത്തിന് ഉപയോഗിക്കുമ്പോൾ ഈ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽതന്നെ ആയിരിക്കണം.

## ചെറുകിടവ്യവസായം

- ഒരു ബ്ലോക്കിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക. ഇതുവഴി ആ ബ്ലോക്ക് പരിധിക്കുള്ളിൽ വരുന്ന സ്ഥലങ്ങളിലെ തൊഴിൽ, ഉത്പാദനം, അതിന്റെ ഗുണനിലവാരം, വിപണനം എന്നിവ ഉറപ്പുവരുത്താൻ ഈ സംവിധാനംവഴി കഴിയണം.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആരംഭിക്കുന്ന ചെറുകിടതൊഴിൽ സംരംഭങ്ങൾക്ക് വേണ്ട സാങ്കേതികസഹായം നല്കാൻ ജില്ലാതലത്തിലും, ക്വാളിറ്റി കൺട്രോൾ, പാക്കിങ്ങ് എന്നിവയ്ക്ക് ബ്ലോക്ക്തലത്തിലും സംവിധാനങ്ങൾ ഉണ്ടാക്കണം. ഉത്പന്നങ്ങൾ 'ഗ്രാമ്യ' ബ്രാൻഡിൽ വിപണനം നടത്താൻ വ്യവസ്ഥപ്പെടുത്തണം.

## ശുചിത്വം, ആരോഗ്യം, കുടിവെള്ളം

- സമ്പൂർണശുചിത്വത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ, ശുചിത്വത്തിന്റെ നിലവിലെ സ്ഥിതിക്ക് മെച്ചം വരുത്താൻ ഉതകുന്ന തരത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായ രീതിയിൽ ബ്ലോക്ക്തലത്തിൽ ഒരു മോണിറ്ററിങ് സംവിധാനത്തിന് രൂപംനൽകണം.

- സി.എച്ച്.സി. വഴി വരുന്ന എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ വിനിയോഗത്തിൽ ബ്ലോക്ക് പഞ്ചായത്തിന് പൂർണനിയന്ത്രണം ഉണ്ടായിരിക്കണം.

## വനിത-ശിശു വികസനം

- ബ്ലോക്ക്തലത്തിൽ- പെൺകുട്ടികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമം, അനീതി എന്നിവ സ്കൂൾതലത്തിൽ തടയാൻ പ്രത്യേക സെല്ലിന് രൂപംനൽകണം. എല്ലാ സ്കൂളുകളിലും പഞ്ചായത്ത്തല ജാഗ്രതാസമിതി യുടെ നേതൃത്വത്തിൽ/ സഹായത്തോടെ ചുമതലക്കാരായ അധ്യാപകരെ മുൻനിർത്തി കമ്മിറ്റികൾ രൂപീകരിക്കണം. ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കക, നിയമസഹായം ലഭ്യമാക്കുക, പരിശീലനങ്ങൾ സംഘടിപ്പിക്കുക, മോണിറ്ററിങ് നടത്തുക, പരാതി എത്തിക്കാൻ ഹെൽപ്ലൈൻ സംവിധാനം ഒരുക്കൽ എന്നിവ ബ്ലോക്ക്തല സെല്ലിന്റെ ഉത്തരവാദിത്വം ആയിരിക്കണം.
- ബ്ലോക്ക്തലത്തിൽ, പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കാനും സംരക്ഷിക്കാനും അവസരം ഒരുക്കാൻ ഉതകുന്ന ഹോസ്റ്റലുകൾ സ്ഥാപിക്കാൻ സംവിധാനം ഉണ്ടാവണം.
- പ്രശ്നബാധിതരായ സ്ത്രീകളെ താല്ക്കാലികമായി പാർപ്പിക്കാൻ ഉതകുന്ന തരത്തിൽ ഷോർട്ട്സ്റ്റേ ഹോമുകൾ എല്ലാ ബ്ലോക്കിലും സ്ഥാപിക്കാൻ സംവിധാനം വേണം.
- ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതസമിതികൾക്ക് വേണ്ട സഹായം, പരിശീലനം, കൗൺസലിംഗ് സഹായം എന്നിവ നൽകാൻ ഉതകുന്ന തരത്തിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെ കണ്ടെത്തി പ്രത്യേക സമിതികൾക്ക് രൂപംനൽകാനുള്ള സംവിധാനം ഉണ്ടാവണം.
- അങ്കൺവാടി ടീച്ചർമാരുടെ ഗുണശേഷിവർദ്ധനവിന് ബ്ലോക്ക്തലത്തിൽ നിരന്തര പരിശീലനം നൽകാൻ സംവിധാനം ഉണ്ടാവണം.
- വർഷത്തിൽ ഒരിക്കൽ അങ്കൺവാടികളുടെ ക്യാമ്പ് ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിക്കാൻ അവസരമുണ്ടാവണം.
- ടീനേജ് കുട്ടികളുടെ നിരന്തര പരിശീലനത്തിന് ആവശ്യമായ പാക്കേജ് ബ്ലോക്ക്തലത്തിൽ തയ്യാറാക്കണം. വർഷത്തിൽ ഒരിക്കൽ ഇവരിൽനിന്നും തെരഞ്ഞെടുക്കുന്നവരുടെ ക്യാമ്പ് ബ്ലോക്ക്തലത്തിൽ സംഘടിപ്പിക്കാൻ കഴിയണം. ഇത് കുട്ടികളുടെ വ്യക്തിത്വവികസനം, പരിസരജ്ഞാനം, സാമൂഹ്യപ്രതിബദ്ധത, സ്വയംസംരക്ഷണം എന്നിവ വളർത്താൻ സഹായകമാകും.

- കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ വലിയ സംരംഭങ്ങൾ ബ്ലോക്ക്തലത്തിൽ ആരംഭിക്കാൻ കഴിയണം.
- ഗ്രാമപഞ്ചായത്ത് തലത്തിൽ ചെയ്യുന്ന തൊഴിൽ സംരംഭങ്ങളുടെ സാങ്കേതികസഹായം, പരിശീലനം, ക്വാളിറ്റി മാനേജ്മെന്റ്, പാക്കിംഗ്, വിപണനം, അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കൽ എന്നിവ ബ്ലോക്ക്തലത്തിൽ നിർവഹിക്കാൻ സംവിധാനം ഉണ്ടാവണം.

## പട്ടികജാതി, പട്ടികവർഗ വികസനം

- പ്രശ്നബാധിതരായ പട്ടികജാതി, പട്ടികവർഗ സ്ത്രീകളുടെ പുനരധിവാസം വരെ പാലിക്കാൻ കഴിയുന്ന തരത്തിലുള്ള ഷോർട്ട്സ്റ്റേ ഹോമുകൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനുമുള്ള പാക്കേജുകൾ ബ്ലോക്ക്/ജില്ലാ ആസ്ഥാനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉണ്ടാകണം.
- പട്ടികജാതി, പട്ടികവർഗക്കാർ കൂടുതലുള്ള ബ്ലോക്കുപഞ്ചായത്തുകളിൽ അനാഥരായ കുട്ടികൾ, പ്രശ്നബാധിതരായ കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ എന്നിവരെ താമസിപ്പിക്കാൻ പ്രത്യേകം പ്രത്യേകം സംവിധാനങ്ങൾ ഉണ്ടാക്കണം. ഇത് ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽവേണം പ്രവർത്തിക്കാൻ.
- പട്ടികജാതി വികസനവകുപ്പുവഴി നടപ്പാക്കുന്ന സമാന്തരപരിപാടികൾ നിർത്തലാക്കുകയും പൂർണ്ണമായി ഇവയെ ബ്ലോക്കിന്റെ കീഴിൽ കൊണ്ടുവരുകയും വേണം.

## ഉദ്യോഗസ്ഥ സംവിധാനം

- ജീവനക്കാരുടെ സേവനനിർവഹണം ശമ്പളവിതരണം, സേവനനിർവഹണവിലയിരുത്തല, ലഘുശിക്ഷാനടപടികൾ എന്നിവയിൽ പൂർണ്ണ അധികാരം അതത് തദ്ദേശഭരണസ്ഥാപനങ്ങൾക്കുതന്നെ ആയിരിക്കണം.
- ജീവനക്കാരുടെ അറ്റന്റൻസ്, യാത്രാപരിപാടി, കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്നിവ പരിശോധിക്കാനും വിലയിരുത്താനും കൃത്യതവരുത്താനുമുള്ള അധികാരം തദ്ദേശസ്വയംഭരണ അദ്ധ്യക്ഷന്മാർക്ക് ഉണ്ടാവണം എന്നത് നിർബന്ധമാക്കണം.
- പ്രധാന ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് അതതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാന

ത്തിൽ കൃത്യമായി തുടർനടപടി എടുക്കാനുള്ള വ്യക്തമായ വ്യവസ്ഥ മുകൾത്തട്ടിൽ ഉണ്ടാവണം.

- അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രധാന ഉദ്യോഗസ്ഥരുടെ ലീവ് അനുവദിക്കാനുള്ള അധികാരം അതത് അദ്ധ്യക്ഷന്മാർക്കായിരിക്കണം. മറ്റുള്ളവർ എടുക്കുന്ന ലീവ് അദ്ധ്യക്ഷന്മാർ അറിഞ്ഞിരിക്കണം. അതിനുള്ള ഉത്തരവാദിത്വം പ്രധാന ഉദ്യോഗസ്ഥനായിരിക്കണം.
- എല്ലാ മാസവും വർക്ക് റിപ്പോർട്ട് ഓരോ സ്ഥാപനത്തിലെയും പ്രധാന ഉദ്യോഗസ്ഥൻ അദ്ധ്യക്ഷനു നല്കിയിരിക്കാനുള്ള വ്യവസ്ഥ ശക്തമാക്കണം.
- ശമ്പളവിതരണത്തിനുള്ള തുക അതത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ഹെഡ്ഡിൽ വകയിരുത്തുകയും ശമ്പളം അനധികൃതമാക്കുന്നതിനുള്ള അധികാരം തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷന്മാരെ ഏല്പിക്കുകയും ചെയ്യുക.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉതകുന്ന തരത്തിൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ പുന:ക്രമീകരിക്കാൻ കെ.എസ്. ആർ-ൽ വേണ്ട മാറ്റങ്ങൾ വരുത്തുക.
- ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം സംബന്ധിക്കുന്ന പെരുമാറ്റച്ചട്ടം അടിയന്തിരമായി നിർമ്മിക്കണം (code of conduct)

## നിയമങ്ങൾ, ചട്ടങ്ങൾ, മാനുവലുകൾ

- റവന്യൂ ഡിപ്പാർട്ട്മെന്റിലെ വില്ലേജ് ഓഫീസ് മുതൽ കളക്ടറേറ്റ് വരെയുള്ള സംവിധാനങ്ങളെ ത്രിതലപഞ്ചായത്ത് സംവിധാനത്തിനു കീഴിൽ കൊണ്ടുവരാനുള്ള സംവിധാനം ഉണ്ടാകണം.
- വിദ്യാഭ്യാസവകുപ്പിനെയും ത്രിതലപഞ്ചായത്ത് സംവിധാനത്തിനകത്തു കൊണ്ടുവരണം. ഇതിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, എ.ഇ.ഒ. ഓഫീസ് എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരണം.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും അതതു പ്രദേശത്തുള്ളവരെ കൂടിച്ചേർത്ത് മാനേജ്മെന്റ് കമ്മിറ്റികൾ ഉണ്ടാക്കാനുള്ള സംവിധാനം നിയമപരമാവണം.
- ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതികവൈദഗ്ദ്ധ്യം ലഭ്യമാക്കാൻ ഉതകുന്നതരത്തിലുള്ള സ്ഥാപനങ്ങൾ/ഉദ്യോഗസ്ഥർ എന്നിവ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കാനുള്ള സംവിധാനം വേണം.
- കുറഞ്ഞത് രണ്ടുമാസത്തിലൊരിക്കലെങ്കിലും ബ്ലോക്ക് സ്റ്റാൻഡിങ് കമ്മിറ്റി

യോഗത്തിൽ അതത് സ്റ്റാൻഡിങ് കമ്മിറ്റിയിലെ ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാനും ജില്ലയിലെ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ ബ്ലോക്ക് സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾക്കും ഇതുപോലെ പങ്കെടുക്കാൻ ഉതകുന്നതരത്തിൽ വ്യവസ്ഥ ഉണ്ടാവണം.

- ഗ്രാമസഭ നടക്കുമ്പോൾ അതത് ഡിവിഷനിലെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ പങ്കെടുത്ത് ബ്ലോക്ക്, ജില്ലാ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യണമെന്നതു നിർബന്ധമാക്കണം.
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്താനും അവിടെ ബ്ലോക്കിന്റെ ആവശ്യത്തിനായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ വിവരം അവതരിപ്പിക്കാനും അതിന്റെ തെരഞ്ഞെടുപ്പു പ്രക്രിയകളിൽ പങ്കെടുക്കാനും അവസരം ഉണ്ടാവണം.
- ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ ഭരണഘടന വ്യവസ്ഥ ചെയ്തതുപോലെ അനുവദിക്കാൻ തയ്യാറാവണം.
- ബി.ആർ.സി. ബ്ലോക്ക് പഞ്ചായത്ത് നിയന്ത്രണത്തിൽ കൊണ്ടുവരണം.
- KWA യുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസ് ബ്ലോക്ക് പഞ്ചായത്ത് നിയന്ത്രണത്തിൽ കൊണ്ടുവരണം.